"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്-"എൻക്ലേവ്"- മെഗാ എഡ്യുക്കേഷൻ കോൺക്ലേവ്, കാട്ടാക്കട (2025 ജനുവരി 24,25) - പരസ്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.152/2025/TSM തീയതി,തിരുവനന്തപുരം, 12-03-2025

പരാമർശം:-
1. ബഹു.എം.എൽ.എ കാട്ടാക്കട, അഡ്വ.ഐ.ബി.സതീഷ് സമർപ്പിച്ച 13.01.2025 തീയതിയിലെ കത്ത്
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 04.02.2025 തീയതിയിലെ DOT/317/2025-M1 നം കത്ത്.

**<u>ഉത്തരവ്</u>**

കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിദ്യാർഥികൾക്ക് മികച്ച കോഴ്സുകളും തൊഴിൽ സാധ്യതകളും പരിചയപ്പെടുത്തുന്നതിനും വിദ്യാർഥികൾക്ക് അവരുടെ അഭിരുചികൾ മനസിലാക്കുന്നതിനുമായി KIDC (കാട്ടാൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കൗൺസിൽ)യുടെ നേതൃത്വത്തിൽ 2025 ജനുവരി 24 ,25 എന്നീ തീയതികളിൽ “എൻക്ലേവ് " എന്ന പേരിൽ മെഗാ എഡ്യ്യക്കേഷൻ കോൺക്ളേവ് സംഘടിപ്പിക്കുന്നു എന്നും എൻക്ലേവിന്റെ ഭാഗമായി പുറത്തിറക്കുന്ന കരിയർ മാഗസീനിലേക്ക് ടൂറിസം വകുപ്പിന്റെ പരസ്യം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.എംഎൽഎ കാട്ടാക്കട, അഡ്വ.ഐ.ബി.സതീഷ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിദ്യാർഥിൾക്ക് മികച്ച കോഴക്സുകളും തൊഴിൽ സാധ്യതകളും പരിചയപ്പെടുത്തുന്നതിനും വിദ്യാർഥികൾക്ക് അവരുടെ അഭിരുചികൾ മനസിലാക്കുന്നതിനുമായി സംഘടിപ്പിക്കുന്ന “എൻക്ലേവ് " മെഗാ എഡ്യ്യക്കേഷൻ കോൺക്ളവിന്റെ ഭാഗമായി പുറത്തിറക്കുന്ന കരിയർ മാഗസീനിലേക്ക് ടൂറിസം വകുപ്പിന്റെ കീഴിലുള്ള FCI, KITTS എന്നീ

സ്ഥാപനങ്ങളുടെ പരസ്യം അനുവദിക്കുന്നതിനായി **3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും **₹10,000/- (പതിനായിരം രൂപ മാത്രം)** ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം KIDC (കാട്ടാൽ .ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കൗൺസിൽ) ഭാരവാഹികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
KIDC (കാട്ടാൽ .ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കൗൺസിൽ) ഭാരവാഹികൾ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ടഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

Signed by
ഉത്തരവിൻ പ്രകാരം
Archana T
Date: 14-03-2025 13:11:46
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ്സ്